(ബി) പുതിയ വ്യവസ്ഥകൾ സംസ്ഥാന താൽപര്യം ഹനിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ടീകോം അംഗീകരിച്ച 70 : 30 എന്ന വ്യവസ്ഥ 50 : 50 ആക്കിയതിന്റെയും, ഐ.ടി. പാർക്കിന് പകരം ടൗൺഷിപ്പ് എന്ന ആശയം സ്വീകരിച്ചതിന്റെയും കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 13-5-2007-ൽ കേരള സർക്കാരും TECOM Investment FZ-LLC യുമായി ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിൽ മാറ്റം വരുത്തിയിട്ടില്ല.

**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

16 (1217) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) 2011-12 വർഷം നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) കഴിഞ്ഞ വർഷം ഈ ആവശ്യത്തിനായി തയ്യാറാക്കിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ ;

(ഡി) 2011-12 വർഷത്തെ ബഡ്ജറ്റിൽ ഈ മേഖലക്ക് കൂടുതൽ തുക വകയിരുത്തുകയും കൂടുതൽ പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുമോ ?

ഉത്തരം

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ താഴെപറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു :

1. ശാസ്ത്ര പോഷിണി – സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്താൻ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടപ്പിലാക്കിയ പദ്ധതിയാണ് ശാസ്ത്ര പോഷിണി. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 36 വിദ്യാഭ്യാസ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 56 സർക്കാർ സ്കൂളുകളിലും രാഷ്ട്രീയ സംവികസന യോജന പദ്ധതിയുടെ കീഴിൽ പാലക്കാട് ജില്ലയിലെ 56 സർക്കാർ ഹൈസ്കൂളിലും ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ വിഷയങ്ങളിൽ മാതൃകാ പരീക്ഷണശാലകൾ സ്ഥാപിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം എസ്.സി/എസ്.ടി ഡെവലപ്മെന്റിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഈ വർഷം ആഗസ്റ്റ് മാസത്തോടുകൂടി മാതൃകാ പരീക്ഷണശാലകൾ പ്രവർത്തനക്ഷമമാകുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

2. സ്പൈറ്റിസ്- (Spytis-Schemes For Promotion For Young Talents In Science) ഹൈസ്കൂൾ തലത്തിൽ സയൻസ് പഠനം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സ്പൈറ്റിസ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ശാസ്ത്ര ഗവേഷണ പരിചയം ഉണ്ടാക്കുന്നതിനായുള്ള പ്രോജക്ടുകൾക്ക് രൂപ 5000 വരെ ധനസഹായം നൽകുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം (2010-2011) തെരഞ്ഞെടുത്ത 82 സ്കൂളുകളിലായി 101 പ്രോജക്ടുകൾ ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്.

3. സ്റ്റുഡന്റ് പ്രോജക്ട്- ശാസ്ത്ര വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും പഠന വിഷയങ്ങളുടെ ഭാഗമായുള്ള പ്രോജക്ടുകൾ ചെയ്യുന്നതിലേക്കായി കൗൺസിൽ ധനസഹായം നൽകുന്നുണ്ട്. ഓരോ സ്റ്റുഡന്റ് പ്രോജക്ടിനും രൂപ 10,000 വരെ അനുവദിച്ചുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) തെരഞ്ഞെടുത്ത 26 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 63 പ്രോജക്ടുകൾ ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്.

4. കെ.എസ്.സി.എസ്.റ്റി.ഇ. റിസർച്ച് ഫെലോഷിപ്പ്- കേരളത്തിലെ സർവ്വകലാശാലകളിൽനിന്നും സയൻസ് എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദത്തിൽ 1 മുതൽ 5 വരെ റാങ്ക് നേടുന്നവർക്ക് കൗൺസിൽ പി.എച്ച്.ഡി ഗവേഷണം ചെയ്യാനുള്ള ഫെലോഷിപ്പുകൾ നൽകുന്നു. എഴുത്ത് പരീക്ഷയുടേയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 3 വർഷത്തേയ്ക്ക് ഫെലോഷിപ്പ് നൽകുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) 43 വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകിയിട്ടുണ്ട്.

5. കെ.എസ്.സി.എസ്.റ്റി.ഇ. പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്- ഡോക്ടറൽ ഡിഗ്രി കഴിഞ്ഞവർക്കും, പി.എച്ച്.ഡി തീസിസ് സർവ്വകലാശാലകളിൽ സമർപ്പിച്ചവർക്കും, തുടർഗവേഷണം നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതിയാണ് ഇത്. മാസം 20,000 രൂപയും വാർഷിക കണ്ടിജൻസി ഗ്രാന്റായി 25,000 രൂപയുമാണ് ഇതിനായി വകകൊള്ളിച്ചിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

6. ശാസ്ത്രബോധിനി- സംസ്ഥാന എസ്.സി & എസ്.റ്റി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

7. സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാം- ശാസ്ത്ര സാങ്കേതിക സംബന്ധിയായ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കുന്നതിനും ശാസ്ത്രാവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് ഈ സ്കീം നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

8. സെമിനാർ/സിമ്പോസിയം/ശില്പശാല എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം- ശാസ്ത്ര സാങ്കേതിക പരിസ്ഥിതി മേഖലകളിലെ ആധുനിക വിഷയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സെമിനാർ/ശില്പശാല എന്നിവ സംഘടിപ്പിക്കുന്നതിനുവേണ്ടി സർവ്വകലാശാലകൾ,. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

9. പേറ്റന്റ് ഇൻഫർമേഷൻ സെന്റർ-ബൗദ്ധിക സ്വത്തവകാശത്തെപ്പറ്റി കുട്ടികളിൽ അവബോധം നൽകുന്നതിനും കേരളത്തിന്റെ ബൗദ്ധിക സ്വത്ത് സംരക്ഷിക്കുന്നതിനും വേണ്ട നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിനും പേറ്റന്റ് ഫയൽ ചെയ്യുന്നതിനും വേണ്ട സാങ്കേതിക സഹായം നൽകുന്നതിനായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

10. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ കോസ്റ്റൽ ആന്റ് എൻവിറോൺമെന്റൽ ഡിവിഷനിൽനിന്നും ദേശീയ ഹരിതസേനയുടെ ഭാഗമായുള്ള ഇക്കോ ക്ലബ്ബുകൾ സംസ്ഥാനത്തെ ഓരോ ജില്ലയിലും 250 സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ എല്ലാം തുടർന്നും നടപ്പിലാക്കുന്നതാണ്.

(സി) ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ഡി) മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾക്കായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതാണ്. കൂടുതൽ പുതിയ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

## ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ സേവന വ്യവസ്ഥകൾ

17 (1218) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ സേവന വ്യവസ്ഥകൾ നടപ്പിലാക്കാൻ തുടങ്ങിയോ ;

(ബി) പ്രസ്തുത പരിഷ്ക്കരണ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ തട്ടിലെ ജീവനക്കാർക്ക് എച്ച്.എസ്.എ. മുതലായ തസ്തികകളിലേക്കുള്ള 10% ബൈ ട്രാൻസ്ഫർ പ്രൊമോഷൻ സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(സി) സെക്രട്ടേറിയറ്റ്/പി.എസ്.സി./ലോക്കൽ ഫണ്ട് ആഡിറ്റ് മുതലായ സ്ഥാപനങ്ങളിലേക്ക് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ 2% മാത്രമാണ് ബൈ ട്രാൻസ്ഫർ പ്രൊമോഷൻ. ഇത് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly